LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ബാങ്കിന്റെ തേങ്കുറിശ്ശി ശാഖവഴി നെൽകൃഷിക്കാർക്ക് നേരിട്ട് പലിശരഹിത വായ്പ നൽകിവരുന്നു. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണസംഘങ്ങൾവഴി 2008-09, 2009-10 വർഷങ്ങളിൽ വായ്പ നൽകിയിരുന്നു. ഇപ്പോൾ നൽകുന്നില്ല. ആലപ്പുഴ, തൃശ്ശൂർ, കാസർഗോഡ്, കോട്ടയം ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകിവരുന്നുണ്ട്. കൊല്ലം, ഇടുക്കി, വയനാട്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്, പത്തനംതിട്ട, എറണാകുളം ജില്ലാ സഹകരണ ബാങ്കുകൾ നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകുന്നില്ല.

(ബി&സി) സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ ഒന്നും കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭരിക്കുന്നില്ല.

ശ്രീമതി സരള സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി

76(2064) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുട സഹകരണസംഘം അസി. രജിസ്ട്രാർ ഓഫീസിൽ ജോലി ചെയ്തുവരികെ 15 വർഷങ്ങൾക്കുമുമ്പ് കാണാതായ ശ്രീ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിനായി അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സരള മുണ്ടയ്ക്കത്തുപറമ്പിൽ സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 6-3-2000 മുതൽ സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ട സീനിയർ ആഡിറ്റർ ശ്രീ. എം. എൻ. സദാനന്ദനെ ടിയാൻ മുകുന്ദപുരം ആഡിറ്റ് അസിസ്റ്റന്റ് രജിസ്ട്രാറാഫീസിൽ ആഫീസ് ആഡിറ്ററായി ജോലി ചെയ്യുമ്പോൾ 5-3-2000 മുതൽ കാണാതായി എന്നും, ആയതിനാൽ ടിയാന്റെ ആശ്രിതർക്കുള്ള കുടുംബ പെൻഷനും, മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ടിയാന്റെ ഭാര്യ ശ്രീമതി സരള മുണ്ടയ്ക്കത്ത് പറമ്പിൽ 19-4-2013-ന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ നിയമപരമായ അവകാശികൾ ആരെല്ലാമാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും

കുടുംബ വിവരം സംബന്ധിച്ച വിശദാംശങ്ങളും ഹാജരാക്കുവാൻ മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർ 9-6-2013-ൽ കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ടിയാന്റെ അപേക്ഷയിൽ തുടർ നടപടികൾ എടുക്കാൻ സാധിക്കുന്നില്ല. കൂടാതെ ശ്രീമതി സരള ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിൽ ഒ.എസ്.2954/13 നമ്പരായി മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർക്കെതിരായി അന്യായം ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി അന്യായത്തിൽ ടിയാൻ മരിച്ചതായും ടിയാന്റെ അവകാശികളായി ഭാര്യയെയും മക്കളെയും പ്രഖ്യാപിച്ച് അപേക്ഷിച്ച പെൻഷൻ അനുവദിക്കണമെന്നതാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. നിയമപരമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും കോടതിയിൽ ശ്രീ. എം. എൻ. സദാനന്ദന്റെ ഭാര്യ ഫയൽ ചെയ്തിരിക്കുന്ന അന്യായത്തിന്റെ തീർപ്പിന്റെ അടിസ്ഥാനത്തിലും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന സഹകരണ വിജിലൻസ്.

77(2065) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) സഹകരണ വിജിലൻസ് വിഭാഗം നിലവിൽ വന്നശേഷം എത്ര കേസ്സുകൾ അന്വേഷിച്ചിട്ടുണ്ട് ; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ ഇനിയും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാനുണ്ട് ; വിശദമാക്കുമോ ;

(ഡി) വിജിലൻസ് വിഭാഗത്തിന്റെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും വാഹനങ്ങളുടെ ഇന്ധന ചെലവിനും ഉൾപ്പെടെ നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ; ഒരു കേസ്സ് അന്വേഷണത്തിന് ശരാശരി എന്ത് തുക ചെലവ് വന്നിട്ടുണ്ട് ;

(ഇ) നിലവിലെ സഹകരണ വിജിലൻസിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; എങ്കിൽ സഹകരണ വിജിലൻസ് സംവിധാനം പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly